1907/ഉപദേശം ഇ 2/2019/നിയമം നിയമ (ഒപ്പീനിയൻ-ഇ) വകുപ്പ്

# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 798 30.01.2019-ൽ മറുപടിക്ക്

## മുസ്ലീം വ്യക്തി നിയമം

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൾ ഹമീദ് പി. | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക വർഗ്ഗ പിന്നാക്ക സമുദായക്ഷേമവും<br>നിയമവും സാംസ്കാരികവും<br>പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി) |
| എ. മുസ്ലീം പേഴ്സണൽ ലാ (ശരിയത്ത്) ആപ്ലിക്കേഷൻ (കേരള) റൂൾസ്, 2018 എന്ന പേരിൽ 21.12.2018-ലെ സ.ഉ.(പി) 13/2018/നിയമം ആയി (എസ്.ആർ.ഒ. നം.920/2018) 1937-ലെ മുസ്ലീം പേഴ്സണൽ ലാ ശരിയത്ത് (ആപ്ലിക്കേഷൻ) ആക്റ്റ് എന്ന കേന്ദ്ര നിയമത്തിന് സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | പുറപ്പെടുവിച്ചിട്ടുണ്ട്. 21/12/2018 തിയതിയിലെ 3224-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ സർക്കാർ ഉത്തരവ് G.O(P)NO.13/2018/നിയമം (S.R.O 920/2018) ആയി മുസ്ലീം പേഴ്സണൽ ലാ (ശരിയത്ത്) ആപ്ലിക്കേഷൻ (കേരള) റൂൾസ്, 2018 ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| ബി. 1937-ലെ കേന്ദ്ര നിയമത്തിന് 81 വർഷങ്ങൾക്ക ശേഷം ചട്ടങ്ങൾ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം എന്താണ്; | 1937-ലെ മുസ്ലീം പേഴ്സണൽ ലാ (ശരിയത്ത്) ആപ്ലിക്കേഷൻ ആക്റ്റിൻ (1937-ലെ 26-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ച കൊണ്ടുള്ള ബഹു. കേരള |

| | |
|---|---|
| | ഹൈക്കോടതിയുടെ W.P.(C) 6403/2018-ാം നമ്പർ റിട്ട് ഹർജിയിലെ 26 ജൂൺ 2018 തീയതിയിലെ വിധിന്യായവും തുടർന്ന് CCC NO. 1984/2018-ാംനമ്പർ കോടതിയലക്ഷ്യ നടപടിയുടേയും ഭാഗമായാണ് ബഹു.കോടതി നിർദ്ദേശം പാലിച്ചുകൊണ്ട് മുസ്ലീം പേഴ്സണൽ ലാ (ശരിയത്ത്) ആപ്ലിക്കേഷൻ (കേരള) റൂൾസ്, 2018 ചട്ടം പുറപ്പെടുവിച്ചിട്ടുള്ളത്. |
| സി. വിവാഹം, ഇഷ്ടദാനം, വഖഫ്, അനന്തരാവകാശം ഉൾപ്പടെയുള്ള കാര്യങ്ങളിൽ 1937-ലെ ശരിയത്ത് നിയമത്തിന്റെ പരിധിയിൽ വരുന്നതിന് മുസ്ലീം ആണെന്ന് തെളിയിക്കുന്ന രേഖകൾ സഹിതം നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തി നിശ്ചിത ഫീസ് അടച്ച് ഓരോ മുസ്ലീമും ഫോം I-ൽ ഡിക്ലറേഷൻ സമർപ്പിക്കണമെന്ന് പ്രസ്തുത എസ്.ആർ.ഒ.-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | വ്യവസ്ഥ ചെയ്തിട്ടില്ല. ടി ആക്ടിന്റെ 3-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള കാര്യങ്ങൾക്ക വേണ്ടി ഒരു 'മുസ്ലീം', ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ മാത്രമാണ് പ്രസ്തുത ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ഡി. എസ്. ആർ.ഒ. നം.920/2018-ലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണ്; | ടി ആക്ടിന്റെ 3-ാം വകുപ്പ് പ്രകാരം Adoption, Will and Legacies എന്നീ വിഷയങ്ങളിൽ ശരിയത്ത് നിയമത്തിന് വിരുദ്ധമായ Customary Law ബാധകമായിട്ടുള്ള ഒരു മുസ്ലീമിനെ |

| | |
|---|---|
| | സംബന്ധിച്ചിടത്തോളം തനിക്ക് അപ്രകാരമുള്ള Customary Law -യ്ക്ക് പകരം ശരിയത്തിന്റെ ആനുകൂല്യം ലഭിക്കണമെന്ന് ആഗ്രഹമുള്ള പക്ഷം 3-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഒരു നിർണ്ണയിക്കപ്പെട്ട അധികാരി മുൻപാകെ അയാൾ തെളിയിക്കുന്ന പക്ഷം പ്രസ്തുത അധികാരിയിൽ നിന്ന് ഒരു ഡിക്ലറേഷൻ നേടാവുന്നതും അപ്രകാരമുള്ള ഒരു ഡിക്ലറേഷൻ ലഭിച്ച കഴിഞ്ഞാൽ അയാൾക്കും തന്റെ മൈനറായ കുട്ടികൾക്കും അവരുടെ പിൻതുടർച്ചാവകാശികൾക്കും Adoption, Will and Legacies എന്നീ സംഗതികളിൽ ആക്റ്റിന്റെ 2-ാം വകുപ്പിലേതെന്നു പോലെ ശരിയത്ത് നിയമം ബാധകമാകുന്നതാണ് എന്ന് ആക്റ്റിന്റെ 3-ാം വകുപ്പിൽ വ്യക്തമാക്കുന്നു. 3-ാം വകുപ്പിന്റെ ആവശ്യത്തിലേയ്ക്ക് ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിനുള്ള അധികാരിയെയും ഡിക്ലറേഷൻ നിരസിക്കുന്നതിനുള്ള സംഗതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള അപ്പീലധികാരിയെയും നിർണ്ണയിക്കുന്നതിനും, ഡിക്ലറേഷന്റെ ഫാറം ചിട്ടപ്പെടുത്തുന്നതിനും അതിന് |

| | |
|---|---|
| | അനുബന്ധമായിട്ടുള്ള മറ്റാവശ്യങ്ങൾക്കു-മായാണ് ടി ആക്റ്റിന്റെ 4-ാം വകുപ്പ് നൽകപ്പെട്ട അധികാരം വിനിയോഗിച്ച് കൊണ്ട് സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. |
| ഇ. പ്രസ്തുത എസ്.ആർ.ഒ.-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങൾ മുസ്ലീം പൗരൻമാർക്ക് അവരുടെ സിവിൽ വ്യവഹാരങ്ങളിൽ ക്ലേശങ്ങൾ ഉണ്ടാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| എഫ്. പ്രസ്തുത എസ്.ആർ.ഒ. അടിയന്തിരമായി റദ്ദ് ചെയ്യാനോ ഭേദഗതി ചെയ്യാനോ തയ്യാറാകുമോ; | നിലവിൽ സ്വീകരിച്ചിട്ടില്ല. |
| ജി. പ്രസ്തുത എസ്.ആർ.ഒ.-യിൽ എന്തെല്ലാം ഭേദഗതി വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | നിലവിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടില്ല. |

ഉത്തരവിൻ പ്രകാരം,

(signature)

സെക്ഷൻ ആഫീസർ.